ആഭരണത്തിൽ വിരിയുന്ന കവിത: വൈറ്റ് ഗോൾഡിൽ വജ്രം പതിച്ച

# കന്യക

2005 ഡിസംബർ 16-31



ജീവിതത്തിൽ ഞാനൊരു റെമോ

## മീര മീര മാത്രം

മീരാജാസ്മിൻ സംസാരിക്കുന്നു

## മാതൃത്വം

ആഘോഷിക്കുന്ന പ്രിയ

## ഈ നല്ല രാത്രിയിൽ

സമ്പൂർണ നോവൽ

## ക്രിസ്മസ് ആശംസകൾ

ഒരു മംഗളം പ്രസിദ്ധീകരണം

# കന്യക

ദ്വൈവാരിക

പുസ്തകം 23 – ലക്കം 24

**KANNYAKA**
P.B. No. 6 Kottayam 686 006
Tel. 2563024, 2560395 Fax.481- 2563508
e-mail: kannyaka@mangalam.com
Member - INS
Managing Editor
**CLARAMMA VARGHESE**
Deputy Managing Editor
**TOSHMA BIJU VARGHESE**

**ADVERTISING**
DGM: ASHIM MANNATHUKKAREN
Mangalam Buildings,S.H. Mount P.O.
Kottayam - 686006 Ph- 0481 2563401,2560395,
Fax - 481 - 2563508, Cell: 9895010195

**DELHI**
Mangalam Regional Office, 2/1 2nd Floor, I.N.S. Bulding,Rafi Marg, New Delhi - 110 001.
Ph:011 23716218, Cell : 09871420560

**MUMBAI**
Mangalam Regional Office,
Ultimate Business Centre,IIA, M.G Road,
Ground floor, Opp. Bombay University, Fort,
Mumbai - 400 023. Ph: 22672626, Fax: 22676188
A.N Sayed, Mangalam Daily, 406,
Manish Commercial Complex, Sonawala Road,
Above Goregaion Post Office, Goregaion East
Mumbai-400063, Ph: 09892644791

**CHENNAI**
Flat No.3, 5th Floor, A- Wing, Parson Manor,
602 Mount Road, Gemini Compound, Chennai- 6
Ph: 044 28251432, Cell: 09444068285

**BANGALORE**
Mangalam Regional Office, No. 21,
Shankarappa Garden,8th Cross, Magadi Road,
Bangalore 560 023
Ph: 3359704, Cell: 09845471436

**THIRUVANANTHAPURAM**
Mangalam Buildings, Opposite Keerthi Hotel,
Thampanoor,Thiruvananthapuram 695 001
Ph: 0471 2328417, Cell: 98950 41066

**ERNAKULAM**
Mangalam Daily, Manjali Towers,
Ammankovil Cross Road, Ernakulam 682 035.
Ph: 0484 2352250 Cell: 98950 85967


**TRICHUR**
Mangalam Regional Office, Ist Floor, Lamex Archade, Post Office Road,Trichur.
Ph: 0487 2445472, 2441245

**PALAKKAD**
Mangalam Regional Office, Opp. Town Bus stand,
Ph: 0491 2500007

**KOZHIKODE**
Mangalam Daily, Kallai, Kozhikode - 673 003
Ph: 2320063, Cell: 9895053008

**MANGALORE**
Mangalam Regional Office, Saman Arcade,
Near Telecom House Road, Old Kent Road,
Mangalore-1.
Ph. 09448 437654

Printed and published by Biju Varghese on behalf of Mangalam Publications (India) Pvt. Ltd., at Mangalam Publications (India) Pvt. Ltd., Mangalam Complex, S.H. Mount, Kottayam and printed at Mangalam Buildings, P.B.No.3, S.H.Mount, Kottayam-6.
Editor: Claramma Varghese
Editor in Charge: A. Chandrasekhar



മുഖചിത്രം: ഷാനു സുരേഷ്
ഫോട്ടോ : എബ്രിഡ് ഷൈൻ
ഓർണമെൻറ്സ് കടപ്പാട്: അൽഫോൻസ, കൊച്ചി

# ഉൾത്താളുകളിൽ



**06** മീര മീര മാത്രം

നീണ്ട ഇടവേളയ്ക്കു ശേഷം മലയാളത്തിന്റെ മീര ജാസ്മിൻ മനസു തുറക്കുന്നു...



**22** വിശുദ്ധിയുടെ അമൃതമുദ്രകൾ

പ്രമുഖ വാസ്തു ശിൽപി ജി.ശങ്കറിന്റെ ഇസ്രയേൽ യാത്രാനുഭവം.



**44** ഈ നല്ല രാത്രിയിൽ

കെ.കെ സുധാകരനെഴുതുന്ന സമ്പൂർണ നോവലെറ്റ്



**64** ജീവിതത്തിൽ ഞാനൊരു റോമോ

നടന്മാരിലൊരാളായി ദക്ഷിണേന്ത്യ നിറഞ്ഞുനിൽക്കുന്ന സൂപ്പർനടൻ വിക്രം കന്യകയോട്.

| | |
|---|---|
| കണ്ണകി | 14 |
| കരളുരുകും വേദനയോടെ | 26 |
| കേക്കുകളുടെ സുവിശേഷം | 30 |
| ആഘോഷങ്ങളിൽ മറക്കാതിരിക്കാൻ | 32 |
| ആർട്ട് കാരറ്റ് ആഭരണങ്ങൾ | 36 |
| ഫാഷൻ | 37 |
| അമേരിക്കൻ ജോട്ടിംഗ്സ് | 43 |
| കിഡ്സ് | 54 |
| അക്ഷരവാടിയിലെ നക്ഷത്രപ്പൂക്കൾ | 56 |
| പാചകം | 60 |
| കിളിവാതിൽ | 72 |



**18** മാതൃത്വം ആഘോഷിക്കുന്ന പ്രിയ


കാത്തിരിപ്പിനൊടുവിൽ അമ്മയായ കഥ പ്രിയ എ.എസ് പറയുന്നു.

സൗജന്യം!
സപ്ലൈകോ കന്യക ഉത്സവപാചകം



x'mas special

# വിശുദ്ധിയുടെ അമൃതമുദ്രകൾ



ചരിത്രത്തിന്റെ പല ദശാസന്ധികളിലും അധിനിവേശം തകർത്ത ജറുസലേം അപൂർവകാഴ്ചകളുടെ വിളനിലമാണ്. പ്രസിദ്ധമായ ഒലിവ്മലയിൽനിന്നാൽ പഴയനഗരം മുഴുവനും കാണാം. ഇവിടെവച്ചാണ് യേശു ശിഷ്യന്മാരെ "കർത്താവിന്റെ പ്രാർത്ഥന" പഠിപ്പിച്ചത്. അവിടെയുള്ള ദേവാലയത്തിൽ നമ്മുടെ മലയാളത്തിൽ പോലും ഈ പ്രാർത്ഥന ആലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്....പ്രമുഖ വാസ്തുശിൽപിയും *ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന്റെ മേധാവിയുമായ ജി.ശങ്കറിന്റെ* യാത്രാനുഭവം.



ഞാൻ കാത്തിരിക്കുന്ന അനേകം യാത്രകൾ ഇനിയും ബാക്കിയുണ്ട്. വന്യമായ ആമസോൺ നദി, മരുഭൂമിയിൽ ഓടിയകലുന്ന മംഗോളിയൻ കുതിരക്കൂട്ടങ്ങൾ, വിയറ്റ്നാമിലെ അങ്കിൾ ഹോ താമസിച്ചിരുന്ന കൊച്ചു കുടിൽ, കമ്പോഡിയയിലെ ചരിത്രവിസ്മയങ്ങൾ, ഒരിക്കൽകൂടി ആൻ ഫ്രാങ്ക് ഒളിച്ചുപാർത്തിരുന്ന കൊച്ച് ഇരുട്ടുമുറി, പൊറ്റക്കാട് കണ്ട ബാലിദ്വീപ്...

കഴിഞ്ഞ പല വിസ്മയ യാത്രകളും വളരെ ആകസ്മികമായി സംഭവിച്ചതാണ്. പെട്ടെന്നാവും ഏതെങ്കിലും ക്ഷണപത്രം കിട്ടുന്നത്. ഒന്നുകിൽ സമ്മേളനങ്ങൾ- അല്ലെങ്കിൽ തൊഴിൽസംബന്ധമായ യാത്രകൾ. ഔദ്യോഗിക കാര്യങ്ങൾ തീർത്തിട്ട് ഞാനെന്റെ വഴികൾ തേടി നടക്കുവാൻ എങ്ങനെയെങ്കിലും സമയം കണ്ടെത്താറുണ്ട്.

കാണാത്ത ഭൂമികൾ തേടിയുള്ള സഞ്ചാരം പലപ്പോഴും പുസ്തകങ്ങളിലൂടെയാണ്. കാണാത്ത അറേബ്യൻ നിഗൂഢതകളിലേക്ക്, കൗതുകങ്ങൾ കണ്ട് മനസിൽ പെറുക്കിയടുക്കി എന്നെ കൊണ്ടുപോയത് പൗലോ കൊയ്ലോയുടെ പുസ്തകങ്ങളാണ്. അദ്ദേഹത്തിന്റെ *ഫിഫ്ത്ത് മൗണ്ടൻ* എന്ന പുസ്തകം എന്നെ വളരെ സ്വാധീനിച്ചിട്ടുണ്ട്. മലമുകളിലെ പ്രവാചകസാന്നിധ്യം എന്നെ ബോധ്യപ്പെടുത്തിയതും ഈ പുസ്തകമാണ്. അതു കഴിഞ്ഞാണ് *ഡാവിഞ്ചി കോഡ്* വായിക്കുന്നത്.

യേശുവിന്റെ ജീവിതത്തിന്റെ പുതിയ ഭാഷ്യങ്ങൾ, പുതിയ മാനങ്ങൾ എന്നെയൊരു ആത്മീയയാത്രയ്ക്ക് ഒരുക്കുകയായിരുന്നു. ഇതിനിടയ്ക്ക് എവിടെയോ വച്ച് *പാഷൻ ഓഫ് ക്രൈസ്റ്റ്* എന്ന ചലച്ചിത്ര ഇതിഹാസവും കാണുവാനിടയായി.

ഞാനറിയാതെ തന്നെ മനസിലൊരു യാത്രയുടെ വാതായനം തുറന്നു. പിന്നീടാണ് ബൈബിൾ ശ്രദ്ധിച്ച് വായിക്കുവാൻ തുടങ്ങിയത്. ഒരു മതവിശ്വാസത്തിലും സ്വയം തളച്ചിടുവാൻ ആഗ്രഹിക്കാതിരുന്ന എനിക്കത് തുലോം ദുഷ്കരമായിരുന്നു. കുറച്ച് ബൈബിൾ കഥകൾ മാത്രം അറിഞ്ഞിരുന്ന എനിക്ക് അറിവിന്റെ പുതിയ ലോകം തുറന്നത് പഴയനിയമമായിരുന്നു. മോശയും ഏലിയാവ് രാജാവും മറ്റും എന്നെ ദർശനങ്ങളുടെ ഭൂമികകളിലേക്ക് ക്ഷണിച്ചു കൊണ്ടുപോയി.

സാധാരണ കാഴ്ചകളുടെ കൗതുകമറിയുവാനാണ് യാത്ര ചെയ്തിരുന്നത്. എന്നാൽ ഇത്തവണ ബൈബിളിലെ വിശ്വാസത്തിന്റെ തട്ടകം സ്വാംശീകരിക്കാനും യാതനാനിർഭരമായ ആ വഴികളിൽ കൂടി നടന്ന് ആ പീഡാനുഭവം ഏറ്റു വാങ്ങുവാനും മാത്രമാണ് ഈ യാത്രയ്ക്ക് പോയത്.

ആഫ്രിക്കയിലേക്കുള്ള എന്റെ നാലാം യാത്രയായിരുന്നു ഇത്. എന്റെ ജന്മനാടാണ് ആഫ്രിക്ക. അതുകൊണ്ട് തന്നെ പ്രകൃതിയോടും ജനതയോടും കടുത്ത പ്രണയത്തിലാണ് ഞാൻ. ഓരോ തവണയും ആഫ്രിക്കൻ ചടുലതകൾ മനസിൽ സാന്ദ്രമായ ഓർ

മകളാണ് ബാക്കി നിർത്തുക.

കെയ്റോ നഗരത്തിലേക്ക് പറന്നിറങ്ങുമ്പോൾ ആദ്യം കാഴ്ചയിൽ പെട്ടത് വന്ധ്യമായ മലനിരകളുടെ അനന്തവ്യാപ്തിയാണ്. ഇടയ്ക്ക് പെട്ടെന്ന് ഭീമാകാരനായ ഒരു പിരമിഡ്. അതിനടുത്തായി വീണ്ടും ചില കുഞ്ഞു പിരമിഡുകൾ. എന്നും കാണാനാഗ്രഹിച്ചിരുന്ന പിരമിഡുകൾ. ദേശത്തിന്റെ കുറുകെയൊഴുകുന്ന നൈൽനദി. ഈജിപ്തിന്റെ സ്വപ്നസാധ്യതകൾ ആകാശയാനത്തിൽ വച്ചുതന്നെ തിരിച്ചറിയുകയായിരുന്നു.

മനസിലെ ബൈബിളിലെ ആദ്യദൃശ്യം കണ്ടത് നൈൽനദിക്കരയിലാണ്. ഫറവോ രാജകുമാരിയുടെ കാത്തിരുന്ന കൈകളിലേക്ക് കുഞ്ഞുമോശ ഒഴുകിയെത്തിയത് ഈ നദിയിലൂടെയാണ്. ഇസ്രയേൽ മക്കളെ കൂട്ടക്കുരുതി നടത്തിയിരുന്ന കാലത്ത് സ്വന്തം ആൺകുഞ്ഞിനെ ഭദ്രമായി ഒരു കുട്ടയിലാക്കി ഒഴുക്കിവിടുമ്പോൾ ആ അമ്മ ഹതാശയായിരുന്നു. രാജകുമാരി കുഞ്ഞിന്റെ സംരക്ഷണക്കായി ഒരു ഹീബ്രു യുവതിയെ തിരഞ്ഞു കണ്ടെത്തിയത് മോശയുടെ അമ്മയെ തന്നെയായിരുന്നുവത്രേ! നൈൽനദിയോരത്തെ ഈറ മുളംകാടുകൾ കണ്ടപ്പോൾ മനസിൽ വെളിച്ചത്തിന്റെ വാതിലുകൾ തുറന്നുതുടങ്ങി. ഹേറോദോസ് രാജാവിന്റെ പീഡനകാലത്ത് ഉണ്ണിയേശുവിനെ മാതാപിതാക്കൾ ഒളിവിൽ പാർപ്പിച്ച സ്ഥലവും. അതൊരു നിലവറയായിരുന്നു- അതിന് മുകളിൽ പില്ക്കാലത്ത് നിർമ്മിച്ച ദേവാലയവും ജോസഫിന് കിട്ടിയ സ്വപ്നദർശനമായിരുന്നു ഈ പലായനയാത്രയ്ക്ക് തുടക്കമിട്ടത്. ഒടുവിൽ ഹേറോദോസ് രാജാവിന്റെ മരണശേഷം കിട്ടിയ മറ്റൊരു സ്വപ്നദർശനത്തിന്റെ ഫലമായി അവരെല്ലാം ഗലീലിയയിലെ നസ്രേത്തിലേയ്ക്ക് മടങ്ങിപ്പോയി എന്നു ചരിത്രം. ഈ ചരിത്രാവശിഷ്ടങ്ങൾ കാണുമ്പോൾ നാമറിയാതെ ദൈവപുത്രനുമായി സന്ധിയിലേർപ്പെടുന്നു. കടുത്ത ആത്മസംഘർഷത്തിലേക്കുള്ള യാത്ര തുടങ്ങുകയും ചെയ്യുന്നു.

ഇസ്രയേൽ മക്കളുമായി മോശ നടത്തിയ നാല്പതുവർഷം നീണ്ട സഹനയാത്ര എങ്ങനെ മറക്കാൻ. അവരെയും കൊണ്ട് ചെങ്കടൽ കടന്ന് മുന്നോട്ട്.. ഷൂർ മരുഭൂമിയിൽ പ്രവേശിച്ച് മൂന്നു ദിവസങ്ങൾ വിശ്രമമില്ലാതെ നടന്നിട്ടും ഒരിറ്റ് കുടിവെള്ളം ഒരിടത്തും കിട്ടിയില്ല. ഒടുവിൽ മാറായിലെത്തിയപ്പോൾ ആശ്വാസമായി മുന്നിൽ കിണറുകൾ! പക്ഷേ, വെള്ളത്തിന് കയ്പുരുചിയായിരുന്നു. കൂടെ നടന്ന ഇസ്രയേൽ മക്കൾ ക്രുദ്ധരായി. മോശ കർത്താവിനോട് കേണപേക്ഷിച്ചപ്പോൾ കർത്താവ് ഒരു തടിക്കഷണം കാണിച്ചുകൊടുത്തു. അത് വെള്ളത്തിലിട്ടപ്പോൾ മധുരമായി എന്ന് പഴയനിയമം.

കെയ്റോവിൽനിന്ന് സിനായ് മലകളിലേക്കുള്ള യാത്രാമധ്യേ മാറായിലും എത്തി. അവിടെ അറേബ്യൻ ഗോത്രവർഗ്ഗക്കാരുടെ ഒരു സംഘം തമ്പടിച്ചിരിക്കുന്നു. കിണറുകൾ അതേപടി നിലനിർത്തിയിരിക്കുന്നത് അത്ഭുതം തന്നെ!

ബൈബിളും ബൈബിൾ കഥകളും മറ്റും വായിച്ചിട്ടുണ്ടെന്നല്ലാതെ പഴയനിയമം ഒരിക്കലും ആഴത്തിൽ വായിക്കാൻ മുതിർന്നിട്ടില്ല ഞാൻ. ജറുസലേമിലേക്കൊരു യാത്ര എന്ന സ്വപ്നം സാക്ഷാത്ക്കരിക്കപ്പെടുന്നു എന്ന യാഥാർത്ഥ്യത്തിന് മുന്നിൽ, യാത്രയ്ക്ക് തൊട്ടുമുൻപാണ് ഞാനത് വായിച്ചു മനസിലാക്കുവാൻ തുടങ്ങിയത്. എന്നെ അഗാധമായി സ്പർശിച്ച അനേകം ആത്മീയാനുഭവങ്ങളെ ആവഹിക്കുവാൻ ഈ വായന സഹായിച്ചിരുന്നു. മോശയുടേയും ഏലിയാവ് രാജാവിന്റേയും ദർശനങ്ങൾ മനസിൽ പുതിയ പാലുകൾ കീ



**എന്നെ അഗാധമായി സ്പർശിച്ച അനേകം ആത്മീയാനുഭവങ്ങളെ ആവഹിക്കുവാൻ ബൈബിളും ബൈബിൾ കഥകളും വായിച്ചത് സഹായിച്ചിരുന്നു.**

റി. അതുകൊണ്ട് തന്നെ മോശയുടെ സഹനയാത്ര തീവ്രാനുഭവമായി മാറി. ഈജിപ്തിൽനിന്നും പുറപ്പെട്ടതിന്റെ മൂന്നാംമാസമാണ് മോശയും ഇസ്രയേൽ മക്കളും സിനായിലെത്തുന്നത്. സിനായ് മരുഭൂമിയിൽ ഒരു പുല്ക്കൊടിപോലും വളരുന്നില്ല.

വിഹ്വലകാഴ്ചയാണ്. കല്ലും മുള്ളും നിറഞ്ഞ ഈ വഴിത്താരയിലൂടെ സിനായ്മലയുടെ നിറുകയിലെത്തിയ മോശ നാല്പതു പകലും നാല്പത് രാവും ധ്യാനനിരതനായിരുന്നു എന്ന് ചരിത്രം പറയുന്നു. കർത്താവിന്റെ കല്പനകൾ എഴുതിച്ചേർത്ത രണ്ട് കൽഫലകങ്ങളുമായാണ് അദ്ദേഹം മലയിറങ്ങി വന്നത്. മലയുടെ അടിവാരത്തിലുള്ള സെന്റ് കാതറിൻ ദേവാലയം ആയിരക്കണക്കിന് വിശ്വാസികളുടെ അഭയകേന്ദ്രമാണ്. അതിനകത്താണ് പ്രശസ്തമായ കത്തുന്ന മുൾപ്പടർപ്പ്. മോശയ്ക്ക് ആദ്യ ദൈവദർശനം

*കുരിശിന്റെ വഴിയിൽ: ജറുസലേം. ഈ സ്ഥലത്തുവച്ചാണ് യേശുവിന്റെ കൈയിൽ മരക്കുരിശ് താങ്ങാൻ ഏല്പിച്ചത്.*

ഇവിടെവച്ചാണ് ലഭിച്ചിരിക്കുന്നത്. മുൾപ്പടർപ്പിൽ അഗ്നിനാളങ്ങൾ കണ്ടിട്ടും ആ ചെടി കരിഞ്ഞുണങ്ങാത്തത് മോശയെ അത്ഭുതപരതന്ത്രനാക്കി.

അതിന്റെ നിജസ്ഥിതി അറിയാൻ അടുത്തേക്കണഞ്ഞ മോശയെ അശരീരിയാണ് തടുത്തുനിർത്തിയത്. ദൈവസാന്നിധ്യം തിരിച്ചറിഞ്ഞ ആദ്യത്തെ അവസരമായിരുന്നു അത്. വന്ധ്യമായ പാറക്കൂട്ടങ്ങളിൽ അത്ഭുതകരമായ ഹരിതസാന്നിധ്യമായി ആ മുൾപ്പടർപ്പ് ഇന്നും ദേവാലയ പരിസരത്തുണ്ട്. മോശ ജീവിതസഖിയെ കണ്ടെത്തിയ ഇടവും ഈ ദേവാലയത്തിലുണ്ട്. മനസിൽ വായിച്ച് ഹൃദിസ്ഥമാക്കിയ ആ ഭൂവിഭാഗങ്ങളിൽ ചരിത്രവും സംസ്കാരവും ഇഴചേരുമ്പോൾ ഈ കാഴ്ചകൾ അവിസ്മരണീയമാകുന്നു.

അവിടെനിന്നു ജറുസലേമിലേക്കുള്ള യാത്രാമധ്യേ സ്വർണക്കാളക്കുട്ടിയുടെ രൂപം പാറയിൽ കൊത്തിയിരിക്കുന്നത് കണ്ടു. മോശ ധ്യാനത്തിനായി സിനായ് മലയിൽ പോയ നേരം ഇസ്രായേൽ മക്കൾ ആരാധനക്രമങ്ങളിൽ മാറ്റം വരുത്തി. അവരുടെ ആഭരണങ്ങൾ ഉരുക്കിയുണ്ടാക്കിയ സ്വർണ്ണക്കാളക്കുട്ടിയെ വച്ചായിരുന്നു ആരാധന. മൃഗബ


ലി തുടങ്ങിയ അനാചാരങ്ങളിൽ മുഴുകുകയും ചെയ്തു. ഇതറിഞ്ഞ പിതാവ് മോശയെ തിരികെ അയച്ചു എന്ന് പഴയനിയമം പറയുന്നു.

ബെത്‌ലഹേം നഗരം പാലസ്തീനിലാണ്. സുരക്ഷയുടെ വഴികൾ കടന്നുവേണം ഈ നഗരത്തിൽ പ്രവേശിക്കേണ്ടത്. പലായനം ചെയ്യുവാൻ വിധിക്കപ്പെട്ട ഒരു ജനതയുടെ വേദന മുഴുവൻ നഗരദൃശ്യങ്ങളായി നമുക്ക് കാണാം. പുൽത്തൊട്ടിലും മൂന്ന് രാജാക്കന്മാർ ഇരുന്നതെന്ന് കരുതപ്പെടുന്ന സ്ഥലവും ഭദ്രമായി അവർ കാത്തുരക്ഷിക്കുന്നു. ഇവിടെവച്ചാണത്രേ ഹിബ്രുഭാഷയിൽനിന്നും സെൻറ് ജറോം ലാറ്റിൻഭാഷയിലേക്ക് ബൈബിൾ വിവർത്തനം ചെയ്തത്.

തിരികെ ജറുസലേമിൽ വന്നിട്ടാണ് ഞാൻ കുരിശിന്റെ വഴിയിൽകൂടി നടന്നുപോയത്. രണ്ടായിരം വർഷങ്ങൾക്കു മുൻപ് മുൾക്കിരീടം അണിഞ്ഞ്, താങ്ങുവാൻ കഴിയാത്തവിധം ഭാരമുള്ള മരക്കുരിശുമേന്തി, നിരന്തരം പീഡനങ്ങൾ ഏറ്റുവാങ്ങി മരണത്തിലേക്ക് യേശു നടന്നുപോയ വഴി. കല്ല് പാകിയ ആ വഴിത്താരയിൽ കയറുമ്പോൾ തന്നെ മനസ് മുറിഞ്ഞു തുടങ്ങിയിരുന്നു.

വഴിയിൽ ഒൻപത് സ്ഥലങ്ങൾ അടയാളപ്പെടുത്തിയിട്ടുണ്ട്. അതുകഴിഞ്ഞ് നാല് സ്ഥലങ്ങൾ പള്ളിക്കകത്താണ്. അവസാനത്തെ അടയാളം യേശുവിന്റെ കബറിടമാണ്. വിധിന്യായം കേൾക്കുവാൻ കാത്തുനിന്ന സ്ഥലത്തുനിന്നാണ് ഹ്രസ്വമായ ഈ യാത്ര ആരംഭിക്കുന്നത്. കുരിശുമായി കർത്താവ് വീഴുന്ന മൂന്ന് സ്ഥലങ്ങളിലും നമ്മുടെ ഹൃദയരക്തവും കിനിയും. വഴിയിൽ കാത്തിരുന്ന വിശുദ്ധമറിയവും, മകനെ കാണുന്ന അമ്മയും വിയർപ്പു തുടയ്ക്കുവാനായുന്ന വെറോണിക്കയും ഈ പീഡാനുഭവത്തിന്റെ സാക്ഷികളായിരുന്നു. മനുഷ്യരാശിക്കുവേണ്ടി ആത്മത്യാഗം ചെയ്യേണ്ടി വന്ന ഒരു മഹാത്മാവ് തീർത്തും ഒറ്റയ്ക്ക് നടന്ന ഈ വഴിയിലുടനീളം എന്റെ കണ്ണീർ വീണിരുന്നു.

മൗണ്ട് നെബോ ജോർദാൻ: മോശയുടെ മരണം നടന്നതിവിടെയാണെന്ന് കരുതപ്പെടുന്നു.




സോളമൻ രാജാവ് പണികഴിപ്പിച്ച ജറുസലേം ദേവാലയത്തിന്റെ പുറം ചുവര് മാത്രം ഇപ്പോഴും അവശേഷിക്കുന്നു. ഇസ്രയേലിൽ ജൂതന്മാരുടെ പോലും പ്രധാന തീർത്ഥാടന കേന്ദ്രമാണിത്. *വെയ്‌ലിങ് വാൾ* എന്നാണ് ഇത് അറിയപ്പെടുന്നത്. ഒരു കടലാസുതുണ്ടിൽ മനസിലെ ആഗ്രഹങ്ങളെഴുതി മതിലിന്റെ കല്ലുകൾക്കിടയിൽവച്ചാൽ സാക്ഷാത്കരിക്കുമെന്ന് എല്ലാവരും വിശ്വസിക്കുന്നു.

**സോളമൻ രാജാവ് പണികഴിപ്പിച്ച ജറുസലേം ദേവാലയത്തിന്റെ പുറം ചുവര് മാത്രം ഇപ്പോഴും അവശേഷിക്കുന്നു. ഇസ്രയേലിൽ ജൂതന്മാരുടെ പോലും തീർത്ഥാടന കേന്ദ്രമാണിത്.**

യേശു ഒരു തളർവാതരോഗിയെ പൂർണ്ണമായി സുഖപ്പെടുത്തിയ ബെത്‌സദയിൽ തന്നെയാണ് വിശുദ്ധമറിയത്തിന്റേയും ജനനസ്ഥലം. സ്നാപകയോഹന്നാൻ ജന്മസ്ഥലം ഇതിനടുത്തുള്ള കാരെം എന്ന ഗ്രാമത്തിലാണ്.

നസ്രേത്തിലേക്കുള്ള യാത്രാമദ്ധ്യേ ഇസ്രയേലിലെ ഏറ്റവും വലിയ തുറമുഖനഗരമായ ഹൈഫയും തലസ്ഥാനമായ ടെൽ- അവീവും കടന്നുപോയി. ഷാരോൺ താഴ്‌വരയിൽ കൂടിയുള്ള ഈ വഴിയിൽ തന്നെ യോനായെ മത്സ്യം വിഴുങ്ങിയ കടലും കുരിശുയുദ്ധക്കാരുടെ അനേകം ചരിത്രാവശിഷ്ടങ്ങളും കാണാം. എന്നെ ഏറ്റവുമാകർഷിച്ച നസ്രേത്തിലെ ദേവാലയം സ്പാനീഷ് ശൈലിയിൽ നിർമിച്ചതാണ്. ഇവിടെവച്ചാണ് ഗബ്രിയേൽ മാലാഖ, അവിവാഹിതയായ മേരിയോട് നേരത്തെതന്നെ ദൈവം അവളിൽ പ്രസാദിച്ചിരിക്കുന്നു എന്നറിയിച്ചത്. സ്നാപകയോഹന്നാന്റെ അമ്മയായ എലിസബത്ത് ഗർഭിണിയായ നേരം വിശുദ്ധമേരി കാണാനെത്തി എന്നും കണ്ട മാത്രയിൽ തന്നെ സന്തോഷാധിക്യത്താൽ ഗർഭസ്ഥശിശു അനങ്ങി എന്നും ബൈബിൾ പറയുന്നു.

താബോർ മല വിശുദ്ധ പുസ്തകത്തിലെ പ്രധാനപ്പെട്ട ഒരടയാളമാണ്. ഇവിടെവച്ചാണ് യേശുവിന്റെ കൂടെ മോശയും ഏലിയാവും പ്രത്യക്ഷപ്പെട്ട് മറുരൂപം പ്രാപിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു.

ചരിത്രത്തിന്റെ പല ദശാസന്ധികളിലും അധിനിവേശം തകർത്ത ജറുസലേം അപൂർവകാഴ്ചകളുടെ വിളനിലമാണ്. ഏഴ് പ്രവേശനകവാടങ്ങളുള്ള ഒരു വൻമതിലിനാൽ ചുറ്റപ്പെട്ടാണ് നഗരത്തിന്റെ കിടപ്പ്. പ്രസിദ്ധമായ ഒലീവ്മലയിൽനിന്നും പഴയനഗരം മുഴുവനും കാണുവാൻ സാധിക്കും. ഇവിടെവച്ചാണ് യേശു ശിഷ്യന്മാരെ കർത്താവിന്റെ പ്രാർത്ഥന പഠിപ്പിച്ചത്. അവിടെയുള്ള ദേവാലയത്തിൽ നമ്മുടെ മലയാളത്തിൽ പോലും ഈ പ്രാർത്ഥന ആലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. പല വിധത്തിലും തകർക്കപ്പെട്ട ജറുസലേമിനെ നോക്കി ദൈവപുത്രൻ കണ്ണീർ തൂകിയ കണ്ണുനീരിന്റെ താഴ്‌വരയും യൂദാസിന് ഒറ്റിക്കൊടുത്തതിന്റെ പ്രതിഫലമായി കിട്ടിയ മുപ്പതു വെള്ളിക്കാശുകൊണ്ട് പിൽക്കാലത്ത് ജൂതന്മാർ വാങ്ങിയ രക്തനിലവും, പത്രോസ് യേശുവിനെ തള്ളിപ്പറഞ്ഞ സ്ഥലവും മറ്റും ഈ നഗര പരിസരങ്ങളിലാണ്. യേശുവിനെ തടങ്കലിൽ വച്ചിരുന്നു എന്ന് വിശ്വസിക്കപ്പെടുന്ന നിലവറ ഇപ്പോഴും അവിടെ കാണാം. കർത്താവിന്റെ രൂപം പതിഞ്ഞിരിക്കുന്ന ഒരു ഭിത്തി ഇതിനകത്തുണ്ട്. ഈ നഗരത്തിന്റെ ഓരോ വഴിയിലും ചരിത്രവും വിശ്വാസവും ഇഴചേരുമ്പോൾ അത് തീവ്രമായ ആത്മാനുഭവമായി മാറുന്നു.

അവസാനത്തെ അത്താഴം നടത്തിയ സ്ഥലവും ദാവീദ് രാജാവിന്റെ കബറിടവും മറ്റുംകണ്ട് നഗരത്തിനോട് വിടപറയുമ്പോൾ മനസ് വിങ്ങുന്നുണ്ടായിരുന്നു. എന്തുകൊണ്ടെന്നറിയില്ല. പീഡനവും രക്തവും സ്വപ്നങ്ങളും പ്രാർത്ഥനയുടെ വിശുദ്ധിയും ഈ നഗരത്തിന്റെ വഴിയിൽ ഇപ്പോഴും ബാക്കി നിൽക്കുന്നു. ഗെത്സമൻ തോട്ടം വ്യഥിതമായ ഓർമകളുണർത്തുന്നു. ശിഷ്യന്മാരുടെ കൂടെ ഭഗ്നഹൃദയത്തോടെ നിലത്തുകിടന്ന് യേശു പ്രാർത്ഥിച്ച സ്ഥലമാണിത്. യേശുവിന്റെ നെറുകയിലെ രക്തംപുരണ്ട കല്ല് ഇപ്പോഴുമിവിടെ സൂക്ഷിച്ചിരിക്കുന്നു.

ഈ കുന്നിൽ പണികഴിപ്പിച്ച പള്ളിയുടെ അവശിഷ്ടങ്ങൾ ചിതറിക്കിടക്കുന്ന സ്ഥലത്തുനിന്ന് ഇസ്രയേൽ താഴ്‌വരയും ദെബോറാ താഴ്‌വരയും കാണാം. സ്നാപകയോഹ

നാൻ യേശുവിനെ ജ്ഞാനസ്നാനം ചെയ്ത സ്ഥലം, ഗലീലി കടലിൽ യേശു കൊടുങ്കാറ്റിനെ വരുതിയിലാക്കി നടന്ന ഇടം, അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെ ഊട്ടിയ ദേവാലയം, കാനായിലെ കല്യാണവിരുന്നിൽ വെള്ളം വീഞ്ഞാക്കിയ ഇടം, യേശുവിൻെറ ചെറുപ്പകാലത്ത് മരപ്പണി ചെയ്ത സ്ഥലം... ബൈബിൾ ചരിത്രത്തിൻെറ അമൂല്യങ്ങളായ ആധാരശിലകൾ... അവയെല്ലാം തൊടുന്ന അമൂല്യമായ യാത്ര. വിശ്വാസത്തിൻെറ ഈ മുദ്രകൾ ഞാൻ ഹൃദയത്തോട് ചേർത്തു സൂക്ഷിക്കുന്നു. ജോർദ്ദാനിലേക്കുള്ള യാത്രാമധ്യേ ചാവുകടലും ഖംറാൻ ഗുഹകളും കണ്ടു.



ഖംറാൻ ഗുഹകൾ:ബൈബിളിൻെറ പ്രാഗ്‌രൂപങ്ങൾ കണ്ടെത്തിയ ഇടം.

ബൈബിളിൻെറ ആട്ടിൻ തോലിലെഴുതിയ പ്രാഗ്‌രൂപങ്ങൾ ഈ ഗുഹകളിൽനിന്നാണത്രേ കണ്ടെത്തിയത്. ലോകത്തെ ഏറ്റവും പുരാതനമായ നഗരം-ജെറീക്കോ വഴിവക്കിൽ നമ്മെ ആകർഷിക്കുന്നു. നാല്പതു രാവും പകലും യേശു ധ്യാനനിമഗ്നനായി വസിച്ച മലനിരകൾ ഇവിടെയാണ്. സാത്താൻ യേശുവിനെ കഠിനമായി പരീക്ഷിച്ചത് ഇവിടെവച്ചാണ്.

ജോർദ്ദാനിലെ മൗണ്ട് നെബോവിലേക്കുള്ള യാത്ര തീവ്രമായ മറ്റൊരു ആത്മീയാനുഭവമായിരുന്നു. മരിക്കും മുമ്പേ മോശയ്ക്ക് വാഗ്ദത്തഭൂമി പിതാവ് കാട്ടിക്കൊടുത്തത് ഇവിടെവച്ചായിരുന്നു എന്നു ബൈബിൾ. ഈ മല നെറുകയിൽനിന്ന് ജറുസലേമിലേക്ക് വെറും 47 മൈൽ. ആറുലക്ഷം ഇസ്രയേൽ മക്കളെക്കൊണ്ട് 40 വർഷം മോശ ചുറ്റി തിരിഞ്ഞത് ഈ ദൂരവ്യാപ്തിക്ക് ഇടയിലാണ്. ഇതിൻെറ പരിസരത്ത് എവിടെയോ അദ്ദേഹം വീണ്ടുമരിക്കുകയും ചെയ്തു.

യാത്രയുടെ അന്ത്യപാദങ്ങളിലൊന്നിലാണ്-എൻെറ പ്രിയ സുഹൃത്ത് വിൻസി ഫിലിപ്പ് എന്നെ തീർത്തും അമ്പരപ്പിച്ചുകളഞ്ഞത്. ന്യായാധിപന്മാർ-ാലെ അവസാനവാക്യങ്ങൾ വായിക്കാനായിരുന്നു വിൻസിയുടെ നിർദ്ദേശം. ആറായിരം പേരെ വധിച്ച് ഇസ്രയേലിനെ രക്ഷിച്ചത് ശംകർ (samkar)എന്നു പേരുള്ള ഒരാളായിരുന്നുവത്രേ !

ഇസ്രയേൽ യാത്രാസംഘത്തിൽ ഞങ്ങളൊഴികെ ബാക്കിയെല്ലാവരും ക്രിസ്ത്യാനികൾ. യാത്രാവസാനം അവരെല്ലാം ഞങ്ങളെ പ്രാർത്ഥനയിൽ നിർത്താമെന്ന് പറഞ്ഞപ്പോൾ ഹൃദയം തുളുമ്പി. സൗഹൃദത്തിൻെറയും സ്നേഹത്തിൻെറയും വിശ്വാസത്തിൻെറയും ദീപ്തി പ്രകടമായ യാത്ര.

* * *

ഇന്നെൻെറ മേശപ്പുറത്ത് മരത്തിൽ വെട്ടിയുണ്ടാക്കിയ ഒരു രൂപമുണ്ട്. നന്മയുടെ വഴികൾ തെരഞ്ഞെടുക്കുമ്പോൾ ഞാനിന്ന് ആ കണ്ണുകളിലേക്ക് ഉറ്റുനോക്കുന്നു. ഞാനുമത് ഏറ്റുപറയുന്നു: To him be the glory

~~*To him be the glory, magestic, power and greatness to for all times apsel for now, and for ever and ever.*~~

ആമേൻ!

**ജി. ശങ്കർ**

ലോകാഃ സമസ്താ സുഖിനോ ഭവന്തുഃ



**കൃഷ്ണതുളസി ഹെയർടോണിക്ക് വാങ്ങൂ**

ന്യായവില Rs. ~~150~~
ഇപ്പോൾ Rs. 79* മാത്രം

താരൻ (Dandruff), മുടികൊഴിച്ചിൽ (Hair Fall), കഷണ്ടി (Baldness), അകാലനര (Early Greying), തലവേദന (Mygraine) ഉറക്കമില്ലായ്മ (Sleeplessness), ഉന്മേഷക്കുറവിനും (Drowsiness) ആശ്വാസമേകും.

ശ്രദ്ധിക്കൂ... ഞങ്ങൾ മോഡലുകളെയും സിനിമാതാരങ്ങളെയും ഔഷധങ്ങളുടെ പരസ്യങ്ങളിൽനിന്നും ഒഴിവാക്കിയതിനാൽ വിലയിൽ വൻകുറവും തുടർച്ചയായി വാങ്ങുമ്പോൾ 10,000ങ്ങളുടെ ലാഭവും ഉപഭോക്താക്കൾക്ക് നേടിക്കൊടുക്കുന്നു.
ഇതൊരു കോസ്മെറ്റിക് പ്രോഡക്ടല്ല. തനി ആയുർവ്വേദ ഔഷധമാണ്.

**51 പവൻ സ്വർണ്ണം**
**സമ്മാനമായി നൽകുന്നു**
വ്യവസ്ഥകൾക്ക് ജൂലൈ 2005 മുതൽ നിർമ്മിച്ച കൃഷ്ണതുളസി ഹെയർടോണിക്ക് വാങ്ങൂ.

കൃഷ്ണതുളസി ഹെയർ ടോണിക്ക് ഗുണനിലവാരത്തിൽ മറ്റ് ഹെയർ ഓയിലുകളേക്കാൾ എക്സ്ട്രാസ്ലാക്കും തിക്കുമാണ്.

**WARNING:** അനുകരണങ്ങളിൽ വഞ്ചിതരാകരുത്. കൃഷ്ണതുളസിക്കുതുല്യം മറ്റൊന്നില്ല

*100 ml

**കൃഷ്ണതുളസി കഫ് സിറപ്പ്**

ചുമ, ജലദോഷം, കഫക്കെട്ട് മാത്രമല്ല തുമ്മൽ, അലർജി, ശ്വാസ തടസ്സം (ആസ്തമയ്ക്കും) ആശ്വാസപ്രദം
പൊടി, പുക, മഞ്ഞ്, തണുപ്പ് ഏതുമാകട്ടെ വീട്ടിൽ കരുതൂ

MVM
MVM Ayurvedic Research Lab
P.B No.2, Pooyappally P.O., Kollam.
Tele Fax : 0474-2463788
*Wanted Distributors outside Kerala*

നിങ്ങളുടെ അനുഭവം എഴുതൂ. തെരഞ്ഞെടുക്കപ്പെടുന്ന പത്തുപേർക്ക്
**ഒരു പവൻ സ്വർണ്ണം** വീതം
വ്യവസ്ഥകൾ കൃഷ്ണതുളസി കഫ്സിറപ്പ് വാങ്ങുമ്പോൾ ലഭിക്കുന്നു

ന്യായവില രൂ. 19.95* മാത്രം

